REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 28-06-2026 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- ഭാരതം ആഴി മുതൽ ആകാശം വരെ കൂടുതൽ സുരക്ഷിതവും, സ്വയംപര്യാപ്തവുമായി മാറുകയാണെന്ന് മൻ കി ബാതിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.
- പ്രധാനമന്ത്രി ഇന്ന് സീഷെൽസ് പ്രസിഡന്റ് പാട്രിക് ഹെർമിനിയുമായി കൂടിക്കാഴ്ച നടത്തും.
- രാജ്യവ്യാപകമായി പൾസ് പോളിയോ തുള്ളിമരുന്ന് വിതരണം പുരോഗമിക്കുന്നു.
- സംസ്ഥാനത്ത് വരും ദിവസങ്ങളിൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്.
- ഫിഫാ ലോക കപ്പ് ഫുട്ബോളിലെ നോക്കൗട്ട് മത്സരങ്ങൾ ഇന്നാരംഭിക്കും.

## വാർത്തകൾ വിശദമായി

ഓരോ പൗരനും അഭിമാനിക്കാവുന്ന നേട്ടങ്ങൾ ഈ മാസം രാജ്യം കൈവരിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. മൻ കി ബാതിന്റെ 135 -ാം പതിപ്പിൽ ആകാശവാണിയിലൂടെ രാജ്യത്തെ ജനങ്ങളുമായി സംവദിക്കുകയായിരുന്നു പ്രധാനമന്ത്രി.

ഭാരതം ആഴി മുതൽ ആകാശം വരെ കൂടുതൽ സുരക്ഷിതവും, സ്വയംപര്യാപ്തവുമായി മാറുകയാണെന്ന് മോദി പറഞ്ഞു. അടുത്തിടെ കൊൽക്കത്തയിൽ INS ദുനാഗിരി, INS സൻശോധക്, INS അഗ്രൈ എന്നിവ ഇന്ത്യൻ നാവികസേനയുടെ ഭാഗമാക്കി.

.......PM വോയിസ്......

വ്യോമയാന മേഖലയിൽ രാജ്യം ജൂണിൽ മികച്ച വിജയം കൈവരിച്ചു. ഇന്ത്യൻ നിർമ്മിത C-295 വിമാനം ആദ്യ പറക്കൽ പൂർത്തിയാക്കി. സമാന രീതിയിൽ 40 വിമാനങ്ങൾ രാജ്യത്ത് നിർമ്മിക്കുന്നുണ്ടെന്നും, ഇത് എയറോസ്പേസ് മേഖലയ്ക്ക് പുതിയ ശക്തി നൽകുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

DRDO തദ്ദേശീയമായി നിർമ്മിച്ച ലോംഗ് റേഞ്ച് ലാൻഡ് അറ്റാക്ക് ക്രൂയിസ് മിസൈൽ ഈ മാസം വിജയകരമായി പരീക്ഷിച്ചു. DRDO ലബോറട്ടറികളും, രാജ്യത്തെ വ്യവസായ പങ്കാളികളും സംയുക്തമായാണ് ഇത് വികസിപ്പിച്ചത്.

പശ്ചിമേഷ്യയിലെ യുദ്ധ സാഹചര്യത്തിൽ നടത്തിയ അഭ്യർത്ഥനകൾക്ക് പിന്തുണയും സഹകരണവും നൽകിയ രാജ്യത്തെ ഓരോ പൗരനോടും രാജ്യം കടപ്പെട്ടിരിക്കുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു. പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജനയിൽ രാജ്യത്തെ കോടിക്കണക്കിന് കുടുംബങ്ങൾക്ക് ഗവണ്മെന്റ് ഇൻഷുറൻസ് സുരക്ഷാ കവചം ഒരുക്കി. വെറും 20 രൂപയുടെ വാർഷിക പ്രീമിയം വഴി രണ്ട് ലക്ഷം രൂപ വരെ അപകട ഇൻഷുറൻസ് നൽകുന്നു. ഇതുവരെ 58 കോടിയിലധികം ആളുകൾ ഈ പദ്ധതിയിൽ ചേർന്നിട്ടുണ്ട്. പദ്ധതി പ്രകാരം ഇതുവരെ 3,700 കോടിയിലധികം രൂപയുടെ സഹായം കുടുംബങ്ങൾക്ക് ലഭിച്ചതായി പ്രധാനമന്ത്രി പറഞ്ഞു.

.........PM വോയിസ്...........

അന്ധവിശ്വാസം തെറ്റിദ്ധാരണ മാത്രമല്ല അത് ഭയം ജനിപ്പിക്കുന്നതു കൂടിയാണ്. അന്ധവിശ്വാസത്തിൽ മുഴുകിയ ആളുകൾ യുക്തിക്കും സത്യത്തിനും നിരക്കാത്ത തീരുമാനങ്ങൾ കൈക്കൊള്ളുകയും അതിന്റെ ഭവിഷ്യത്ത് അനുഭവിക്കുകയും ചെയ്യുന്നു. ശരിയായ വിവരങ്ങൾ പ്രചരിപ്പിക്കുമ്പോൾ അന്ധവിശ്വാസമടക്കം പഴഞ്ചൻ ചിന്താഗതികൾക്ക് മാറ്റം വരുമെന്നും നരേന്ദ്രമോദി അഭിപ്രായപ്പെട്ടു.

രാജ്യത്ത് കായിക വിനോദങ്ങളിൽ ഏർപ്പെടുന്ന യുവാക്കളുടെ എണ്ണം അതിവേഗം വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും, കൂടുതൽ യുവാക്കൾ സ്പോർട്സിനെ ഒരു കരിയറായി സ്വീകരിക്കുന്നതായും അദ്ദേഹം പറഞ്ഞു. നാഗാലാൻഡിലെ, നാഗാലാൻഡ് ബേബി ലീഗ് ഫുട്ബോൾ മത്സരത്തെക്കുറിച്ച് പ്രധാനമന്ത്രി പരാമർശിച്ചു, ബേബി ലീഗ് ഇപ്പോൾ മൂന്ന് വർഷം പൂർത്തിയാക്കിയതായും , കുട്ടികളുടെ മനസ്സിൽ ഇത് വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നും നരേന്ദ്രമോദി പറഞ്ഞു.

.........PM വോയിസ്...........

യുവാക്കളെ പുതിയ സാങ്കേതിക വിദ്യകൾക്കായി സജ്ജമാക്കുന്നതിന് ന്യൂഡൽഹിയിലെ കേന്ദ്ര സംസ്കൃത സർവകലാശാല, നിർമ്മിത ബുദ്ധി, ഡാറ്റാ സയൻസ് എന്നിവയിൽ ബി - ടെക് പ്രോഗ്രാം ആരംഭിക്കുന്നത്

ആധുനിക സാങ്കേതിക വിദ്യയെ  ഭാരതത്തിന്റെ പരമ്പരാഗത അറിവുമായി ബന്ധിപ്പിക്കുന്നതിന് ചുവടുവെപ്പാണ്.  ഈ ശ്രമത്തിൽ കേന്ദ്ര സംസ്കൃത സർവകലാശാലയെ പ്രധാനമന്ത്രി അഭിനന്ദിച്ചു.

ജനങ്ങളാണ് രാജ്യത്തിന്റെ ഏറ്റവും വലിയ ശക്തിയെന്ന് പ്രധാനമന്ത്രി പറഞ്ഞു.  രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന ചെറുതും, വലുതുമായ സംരംഭങ്ങൾ, മനസ്സിൽ ദൃഢനിശ്ചയവും, സമൂഹത്തിന്റെ പിന്തുണയുമുണ്ടെങ്കിൽ ഏതു വലിയ മാറ്റവും കൊണ്ടുവരാൻ കഴിയുമെന്നതിന്റെ സൂചകമാണെന്നും നരേന്ദ്രമോദി മൻ കി ബാതിൽ വ്യക്തമാക്കി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് സീഷെൽസ് പ്രസിഡന്റ് പാട്രിക് ഹെർമിനിയുമായി കൂടിക്കാഴ്ച നടത്തും. ഉഭയകക്ഷി സഹകരണത്തിന്റെ വിവിധ വശങ്ങൾ അവലോകനം ചെയ്യുന്ന  ഇരു നേതാക്കളും പ്രാദേശിക, അന്തർദേശീയ വിഷയങ്ങളിൽ കാഴ്ചപ്പാടുകളും  കൈമാറും.

സീഷെൽസ് ദേശീയ അസംബ്ലിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. ഇന്ത്യൻ പ്രവാസികളുമായും മോദി സംവദിക്കും. സീഷെൽസിന്റെ ദേശീയ ദിന സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പ്രധാനമന്ത്രി മുഖ്യാതിഥിയായി പങ്കെടുക്കും. ഇന്ത്യൻ രാജ്യരക്ഷാ സേനയുടെ ഒരു സംഘവും രണ്ട് ഇന്ത്യൻ നാവികസേനാ കപ്പലുകളും സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

✪✪✪

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം നാളെ പുനരാരംഭിക്കും. 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളെക്കുറിച്ച് ചർച്ചയും വോട്ടെടുപ്പും രണ്ടു ദിവസങ്ങളിലായി നടക്കും. പരിഷ്കരിച്ച ബജറ്റുമായി ബന്ധപ്പെട്ട ധനവിനിയോഗ ബിൽ സഭ ബുധനാഴ്ച പരിഗണിക്കും.

✪✪✪

രാജ്യവ്യാപകമായി പൾസ് പോളിയോ തുള്ളിമരുന്ന് വിതരണം പുരോഗമിക്കുന്നു.  സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ മന്ത്രി K മുരളീധരൻ നിർവഹിച്ചു.

2000 നു ശേഷം കേരളത്തിൽ പോളിയോ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിലും, ഭാവിയിൽ റിപ്പോർട്ട് ചെയ്യാൻ സാധ്യത മുന്നിൽ കാണണമെന്ന് മന്ത്രി പറഞ്ഞു.  സംസ്ഥാനത്ത് അഞ്ച് വരെ പ്രയക്കാരായ  19 ലക്ഷത്തി 80,224

കുഞ്ഞുങ്ങൾക്കാണ് പോളിയോ തുള്ളി മരുന്ന് നൽകുന്നത്. 22,288 ബൂത്തുകളും 46,663 സന്നദ്ധപ്രവർത്തകരെയും നിയോഗിച്ചിട്ടുണ്ട്.

യാത്രാവേളയിൽ വാക്സിൻ നൽകുന്നതിന് പ്രത്യേക ബൂത്തുകളും ക്രമീകരിച്ചിട്ടുണ്ട്. ഇന്ന് ബൂത്തുകളിൽ എത്താനാകാത്ത കുഞ്ഞുങ്ങൾക്ക് നാളെയും, മറ്റന്നാളും വീടുകളിലെത്തി വാക്സിൻ നൽകും.

കണ്ണൂർ ജില്ലാതല ഉദ്ഘാടനം മന്ത്രി സണ്ണി ജോസഫ് കണ്ണൂർ ജില്ലാ ആശുപത്രിയിൽ നിർവഹിച്ചു.

കോഴിക്കോട്ട് നാദാപുരം കല്ലാച്ചി M.L.P സ്കൂളിൽ KM അഭിജിത്ത് MLA ജില്ലാതല ഉദ്ഘാടനം നിർവഹിച്ചു.

കൊല്ലം ജില്ലാതല ഉദ്ഘാടനം ഗവ: വിക്ടോറിയ ആശുപത്രിയിൽ മന്ത്രി ബിന്ദു കൃഷ്ണ നിർവ്വഹിച്ചു.

പത്തനംതിട്ട ജില്ലാതല പരിപാടി അടൂർ ജനറൽ ആശുപത്രിയിൽ മന്ത്രി PC വിഷ്ണുനാഥ് ഉദ്ഘാടനം ചെയ്തു.

✪✪✪

എറണാകുളം ജില്ലയിൽ പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ ജില്ലാതല ഉദ്ഘാടനം ചേരാനല്ലൂർ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രത്തിൽ TJ വിനോദ് MLA നിർവ്വഹിച്ചു.

✪✪✪

സംസ്ഥാനത്ത് വരുംദിവസങ്ങളിൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ് അറിയിച്ചു. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മറ്റെല്ലാ ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. കേരള കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ബുധനാഴ്ച വരെ മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

ഫിഫാ ലോക കപ്പ് ഫുട്ബോളിലെ നോക്കൗട്ട് മത്സരങ്ങൾ ഇന്നാരംഭിക്കും. ആദ്യമത്സരത്തിൽ രാത്രി 12:30 ന് സൗത്താഫ്രിക്കയും കാനഡയും ഏറ്റു മുട്ടും. ലോസ് ഏഞ്ചൽസ് സ്റ്റേഡിയത്തിലാണ് മത്സരം.

രാവിലെ ഗ്രൂപ്പ് J മത്സരത്തിൽ അർജന്റീന, ഒന്നിനെതിരെ മൂന്നു ഗോളുകൾക്ക് ജോർദാനെ തോൽപ്പിച്ചു. ജിയോവാനി ലോ സെൽസോ, ലൗതാരോ മാർട്ടിനെസ്, ലയണൽ മെസ്സി എന്നിവർ ഗോളുകൾ നേടി. ഇതോടെ ലോക കപ്പിൽ ഏറ്റവും കൂടുതൽ ഗോളുകൾ നേടുന്ന താരം എന്ന റെക്കോർഡ് മെസ്സി നില നിർത്തി.

അൾജീരിയ - ഓസ്ട്രിയ മത്സരം ഇരുടീമുകളും മൂന്നു ഗോളുകൾ നേടി സമനിലയിൽ പിരിഞ്ഞു.

✪✪✪

ICC വനിതാ ടി-20 ലോകകപ്പിൽ, അവസാന ഗ്രൂപ്പ് A മത്സരത്തിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും. ലണ്ടനിലെ ലോർഡ്സ് ക്രിക്കറ്റ് ഗ്രൗണ്ടിൽ ഇന്ത്യൻ സമയം വൈകിട്ട് ഏഴിനാണ് മത്സരം.

✪✪✪

FIH പുരുഷ ഹോക്കി ടൂർണ്ണമെന്റിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. ലണ്ടനിൽ രാത്രി എട്ടരക്കാണ് മത്സരം.

✪✪✪

ജനങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ അനാവശ്യ വിവാദങ്ങൾ കൊണ്ട് നഷ്ടമാകാൻ പാടില്ലെന്ന് മന്ത്രി KM ഷാജി പറഞ്ഞു. PM ശ്രീ വിഷയത്തിൽ ക്യാബിനറ്റ് ഉപസമിതി തീരുമാനം വരേട്ടെയെന്നും അദ്ദേഹം കോഴിക്കോട്ട് മാധ്യമപ്രവർത്തകരോട് പറഞ്ഞു.

✪✪✪

ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി എകജാലക പ്രവേശനത്തിന്റെ മൂന്നാം ഘട്ട അലോട്ട്മെന്റ് പട്ടിക പ്രസിദ്ധീകരിച്ചു. ലിസ്റ്റിൽ ഉൾപ്പെട്ട വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാർത്ഥികൾ ജൂലൈ രണ്ട് വരെയും, ഹയർസെക്കണ്ടറി വിദ്യാർത്ഥികൾ ജൂലൈ മൂന്ന് വരെയും സ്കൂളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് വിദ്യഭ്യാസ വകുപ്പ് അറിയിച്ചു.

✪✪✪

കൊച്ചിയിൽ ഇന്നലെ അർദ്ധരാത്രി സ്വകാര്യ മാളിന് സമീപം നവജാതശിശുവിനെ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തി. മാളിന് അടുത്ത തട്ടുകടയോട് ചേർന്നാണ് ആൺ കുഞ്ഞിനെ കണ്ടെത്തിയത്. കുട്ടിയുടെ ആരോഗ്യ നില തൃപ്തികരമാണെന്ന് മരട് പോലീസ് അറിയിച്ചു.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: ശ്രീജി പൂവത്തിങ്കൽ*
*News Team: രജിന കെ, മണികണ്ഠൻ*
*DEO: ഷീബ*